**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1483** — **19-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ലഭിച്ചിട്ടുള്ള ബഹുമതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയവും അന്തർദേശീയവുമായ എന്തെല്ലാം ബഹുമതികളും അവാർഡുകളുമാണ് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക്ദേശീയവും അന്തർദേശീയവുമായി ലഭിച്ച ബഹുമതികളും അവാർഡുകള ചുവടെ ചേർക്കുന്നു:<br><br>സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പഠനത്തിൽ മിടുക്കരായ, പൊതു വിദ്യാലയങ്ങളിലെ 9,10, +1,+2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി കേന്ദ്ര വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ് നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയായ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (NMMSS)-ന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളി പ്രകടനം പരിഗണിച്ച് ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച മൂന്ന് സംസ്ഥാനങ്ങൾക്കുള്ള അവാർഡിന് കേരളത്തേയും തെരഞ്ഞെടുക്കുകയും 06/03/2024 തീയതിയിൽ ന്യൂഡൽഹിയിൽ വച്ചു നടന്ന ഏകദിന ശില്പശാലയിൽ അവാർഡ് സമ്മാനിക്കുകയും ചെയ്തു.<br><br>a. സീമാറ്റ് - കേരളയുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ്പ് അക്കാദമി കേരളയ്ക്ക് (SLA-K) 2023 ലെ നാഷണൽ എക്സലൻസ് അവാർഡ് ലഭിക്കുകയുണ്ടായി. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര കൽപ്പിത സർവ്വകലാശാലയായ (NIEPA) യുടെ ധന സഹായത്തോടെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സ്കൂൾ ലീഡർഷിപ്പ് അക്കാദമികൾ (SLAs) പ്രവർത്തിച്ചു വരുന്നുണ്ട്. സീമാറ്റിന്റെ ഭാഗമായാണ് കേരളത്തിലെ സ്കൂൾ ലീഡർഷിപ്പ് അക്കാദമി ((SLA-K സ്കൂ ലീഡർഷിപ്പ് അക്കാദമി - കേരള) പ്രവർത്തിച്ചുവരുന്നത്. പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ ലക്ഷ്യമാക്കി അക്കാദമി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ നൂത പദ്ധതികളും, പ്രവർത്തനങ്ങളും കണക്കിലെടുത്താണ് നാഷണൽ എക്സലെൻസ് അവാർഡ് നൽകപ്പെട്ടത്. 2023 ജൂലൈ 28ന് ന്യൂഡൽഹിയിൽ വച്ച് നടന്ന ചടങ്ങിൽ NIEPA Vice Chancellor ആണ് അവാർഡ് |

പ്രഖ്യാപിച്ചത്.

b. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ലഭിച്ച അവാർഡുകൾ ചുവടെ ചേർക്കുന്നു.

Technology Sabha Award 2021- കൈറ്റ് നടപ്പിലാക്കിയ First Bell Digital Classes- ന് ലഭിച്ച ദേശീയ അവാർഡ്.

mBillionth Award 2021 - കൈറ്റ് നടപ്പിലാക്കിയ First Bell Digital Classes - ന് ലഭിച്ച ദേശീയ അവാർഡ്.

Social Media for Empowerment Award 2021 - കൈറ്റ് നടപ്പിലാക്കിയ First Bell Digital Classes ന് ലഭിച്ച ദേശീ അവാർഡ്

Technology Sabha Award 2022- ഓൺലൈൻ വിദ്യാഭ്യാസത്തിനു പ്ലാറ്റ്ഫോം സജ്ജമാക്കിയതിന് കൈറ്റിന് ലഭിച്ച ദേശീയ അവാർഡ്.

Technology Sabha Award 2022 - സ്കൂളുകളിലെ തസ്തിക നിർണയത്തിനുംനിയമനാംഗീകാരത്തിനുമായി കൈറ്റ് ഒരുക്കിയ ഓൺലൈൻ സോഫ്റ്റ് വെയറായ 'സമന്വയ' യ്ക്ക് എന്റർപ്രൈസ് വിഭാഗത്തിൽ ലഭിച്ച അവാർഡ്.

e-governance Championship Award 2022 - കൈറ്റ് നടപ്പിലാക്കിയ First Bell Digital Classes ന് ലഭിച്ച അവാർഡ്.

World Education Summit Award 2022 - കൈറ്റ് നടപ്പിലാക്കിയ ഓൺലൈൻ ക്ലാസുകൾക്ക് പ്ലാറ്റ്ഫോം തയ്യാറാക്കിയതിന് ലഭിച്ച അവാർഡ്.

CM’s Award for Innovation in Public Policy 2022. ലിറ്റിൽ കൈറ്റ്സ് പദ്ധതി, ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസ് എന്നിവയ്ക്ക് ലഭിച്ച അവാർഡ്.

Technology Sabha Award 2023 സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിത ഇ- ലാംഗ്വേജ് ലാബ് (ഇ-ക്യൂബ് ഇംഗ്ലീഷ് സജ്ജമാക്കി എല്ലാ സ്കൂളുകൾക്കും സൗജന്യമായി ലഭ്യമാക്കിയതിന് ലഭിച്ച അവാർഡ്.

Technology Sabha Award 2024-കൈറ്റ് നടപ്പിലാക്കിയ റോബോട്ടിക്സ് ലാബ് /എ.ഐ എന്നിവയ്ക്ക് ലഭിച്ച അവാർഡ്.

എസ്.എസ്.കെ. - 2016-2021 ലെ മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിലും വിവിധ തലങ്ങളിൽ ഭരണനേട്ടത്തിനായി ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും

| | | | | |
|---|---|---|---|---|
| | | | | 2018-19 വർഷം ശാലസിദ്ധി പ്രോഗ്രാം മികച്ച രീതിയിൽ നടപ്പിലാക്കിയതിന് NIEPA യുടെഅപ്രീസിയേഷൻ ലഭിച്ചു.<br><br>പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ് (PGI) റാങ്കിംഗിൽ 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ സംസ്ഥാനത്തിന് ഒന്നാം ഗ്രേഡ് ലഭിച്ചു. 2021-22 വർഷം<br><br>സംസ്ഥാനം രണ്ടാം ശ്രേണിയിലാണ്.<br><br>നീതി ആയോഗ് നടത്തിയ സംസ്ഥാനങ്ങളുടെ പൊതു വിദ്യാഭ്യാസ മികവിന്റെ റാങ്കിംഗിൽ(സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് (SEQI) ) ഒന്നാംസ്ഥാനം ലഭിച്ചു.<br><br>കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുള്ള കോഫ ടേബിൾ ബുക്കിൽസംസ്ഥാനത്തെ (Early Childhood Car and Education(ECCE), Esteem Programme,പാർശ്വവൽകൃത മേഖലയിലെ കുട്ടികൾക്കായ നടത്തുന്ന Scaffold programme, സ്കൂൾ വെതർ സ്റ്റേഷൻ എന്നീ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം . |

സെക്ഷൻ ഓഫീസർ